# നന്മകൾ ഇനിയും ബാക്കിയാണ്....

സരോജ വർഗീസ്, ന്യൂയോർക്ക്



നന്ദികെട്ട ലോകമെന്ന് നമ്മൾ കേൾക്കുന്ന ഈ ലോകത്ത് നന്ദി ദിനമാഘോഷിക്കാൻ അമേരിക്ക പോലുള്ള സമ്പന്നരാഷ്ട്രം ഒരു ദിവസം ഒഴിച്ച് വച്ചിരിക്കുന്നുവെന്നുള്ള വിവരം എത്രയോ ആഹ്ലാദദായകമാണു്. സമ്പത്ത് കൈവരുമ്പോൾ പലർക്കും അഹങ്കാരം വരുന്നതും നന്മകൾ അവരെ കൈവിട്ട് പോകുന്നതും നമ്മൾക്കറിയാവുന്ന സംഗതിയാണു. ഒരു ദിവസം നന്ദിയാഘോഷിച്ച് പിന്നെ വരുന്ന ദിനങ്ങളിൽ അത് മറന്ന് പോകുന്നതിലും അർഥമില്ല. അങ്ങനെ സംഭവിക്കുന്നത് ഭൗതിക സുഖങ്ങൾക്ക് നേരെയുള്ള പ്രയാണത്തിൽ ഈശ്വരനെ കൈവിടുന്നത്കൊണ്ടാണു്. ഇതിനുദാഹരണമാണു് നന്ദിദിനത്തിൻെറ പിറ്റേദിവസം കൊണ്ടാടുന്ന കരിവെള്ളിയാഴ്ച. (Black Friday). അന്ന് വാണിജ്യക്കാർക്കും ഉപഭോക്താക്കൾക്കും "ചാകര". വിലയിൽ ഇളവ് വരുത്തി സാധനങ്ങൾ വിൽക്കുന്ന ഒരു കച്ചവടതന്ത്രം. പൊതുജനത്തിനു നന്ദിദിനത്തേക്കാൾ കരിവെള്ളിയാഴ്ച്ചക്ക് പ്രിയമേറുന്നു.

അമേരിക്ക കുടിയേറ്റക്കാരുടെ നാടാണു്. ഇവിടേക്ക് ആദ്യം വന്നവർ (ആദ്യം താമസിച്ചിരുന്നവർ എന്നല്ല) തീർഥാടകരായിരുന്നു. അവർ ബൈബിൾ വചനങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ട് ഒരു പുതിയ ഭൂമിയും, പുതിയ ആകാശവും ഉണ്ടാകാൻ ആഗ്രഹിച്ചു. ഇവിടത്തെ കറൻസി നോട്ടുകളിൽ " ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു" എന്നെഴുതി വച്ചിട്ടുണ്ട്. അത് ഇവിടത്തെ ദേശീയഗാനത്തിൻെറ നാലാമത്തെ സ്റ്റാൻസയിൽ നിന്നെടുത്തതാണു്. ദൈവത്തിൽ അധിഷ്ഠിതമായ ഒരു ജീവിത ശൈലി നമ്മൾ പാകപ്പെടുത്തുമ്പോഴാണു് നന്ദിദിനം പോലുള്ള ദിവസങ്ങൾക്ക് പ്രാധാന്യമേറുന്നത്. അല്ലെങ്കിൽ അവ വെറും നേരമ്പോക്കുകളായി മാറിപോകും. ഈശ്വരനിൽ വിശ്വസിക്കുമ്പോഴാണു് നന്മകൾ ജനിക്കുന്നത്. മലയാളികളെ സംബന്ധിച്ചേടത്തോളം അമേരിക്കൻ മണ്ണിൽ പ്രവാസികളായി വേരുറപ്പിച്ചപ്പോൾ ഇവിടത്തെ പല ജീവിതശൈലികളും അനുകരിക്കാൻ അവർ നിർബന്ധിതരായി. എന്നാൽ അവയെല്ലാം നന്മയോട് ചേർന്ന് നിൽക്കുന്നുവെന്നത്കൊണ്ട് അതിനെയൊക്കെ അവർ സ്വാഗതം ചെയ്തു. അക്കൂട്ടത്തിൽ വളരെ അർഥപൂർണ്ണമായ ഒരു ആഘോഷമാണു് നവംബർ മാസത്തിലെ അവസാനത്തെ വ്യാഴാഴ്ച്ച, "താങ്ക്സ് ഗിവിംഗ് ഡെ". നമുക്ക് ലഭിച്ചിരിക്കുന്ന എല്ലാ നന്മകൾക്കും ക്രുതജ്ഞത അർപ്പിക്കുന്ന ദിവസം. കുടുംബാഗങ്ങളും സ്നേഹിതരും ഭക്ഷണത്തിനായി മേശക്ക് ചുറ്റുമെത്തുമ്പോൾ ക്രുതജ്ഞതാർപ്പണ സമയമാകുന്നു. സ്രുഷ്ടാവിനു നന്ദികരേറ്റുന്നതിനോടൊപ്പം സഹജീവികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നു.

ഇത്തരം ആഘോഷങ്ങളിലൂടെ നമ്മൾ പുതുതലമുറക്ക് ഒരു സന്ദേശം പകർന്ന് കൊടുക്കുന്നു. ഈശ്വരവിശ്വാസത്തോടെ നന്മകൾ ചെയ്തുകൊണ്ട് ഈ അനർഘമായ ജീവിതം ജീവിച്ച് തീർക്കണമെന്ന സന്ദേശം. വിശ്വമഹാകവി രബീന്ദ്രനാഥ് ടാഗോർ ഒരു കവിതയിൽ എഴുതി, ഓരോ ശിശു പിറന്നു വീഴുമ്പോഴും അത് ദൈവം മനുഷ്യനിൽ സന്തുഷ്ടനാണെന്നതിന്റെ തെളിവാണെന്ന്. ഈ ലോകത്തിൽ എത്രമാത്രം ക്രൂരതകൾ വർദ്ധിച്ചാലും ദൈവഭയത്തോടെ ജീവിക്കുന്ന മനുഷ്യരിൽ നന്മകൾ എന്നും നില നിൽക്കുന്നു. നന്മകൾ എന്നും ബാക്കിയാണ്ു് അത് ഒരിക്കലും തീരുന്നില്ല. അതിന്റെ പ്രതീകമല്ലേ പ്രതിവർഷം നമ്മൾ ആഘോഷിക്കുന്ന നന്ദിദിനം.

നന്ദിദിനത്തെക്കുറിച്ച് ആരോ എഴുതിയ ഒരു കുറിപ്പ് ഓർമ്മ വരുന്നത് വായനക്കാരുമായി ഞാൻ പങ്ക് വയ്ക്കട്ടെ, ജോലിയിൽ ഉന്നതപദവി അലങ്കരിച്ചിരുന്ന ഒരാളുടെ ചിരകാലാഭിലാഷമായിരുന്നു ഒരു വിദേശപര്യടനം. അത് ഒത്ത് വന്നപ്പോൾ അയാളിൽ ശാരീരികമായ ചില അസ്വാസ്ഥ്യങ്ങൾ അനുഭവപ്പെടാൻ തുടങ്ങി. ഡോക്ടരെ കണ്ടപ്പോൾ അറിഞ്ഞു അദ്ദേഹത്തിന്റെ ശ്വാസകോശങ്ങളെ കാൻസർ കാർന്ന് തിന്നാൻ തുടങ്ങിയെന്ന്. രോഗം പൂർണ്ണമായി വിട്ട് മാറുമെന്ന് പ്രതീക്ഷയില്ലായിരുന്നെങ്കിലും ചികിത്സ ആരംഭിച്ചു. ആ വർഷത്തെ നന്ദിദിനത്തിൽ അദ്ദേഹം ഇങ്ങനെ നന്ദി അർപ്പിച്ചു. “എന്റെ പുകവലി മാറ്റി തന്നതിനു സ്തോത്രം. ഉത്തമസുഹൃത്തുക്കളെ തിരിച്ചറിയാൻ അവസരം തന്നതിനായി സ്തോത്രം. ജോലിത്തിരക്കിൽ നിന്നും മോചനം പ്രാപിച്ച്, കുടുംബാഗങ്ങളുമായി സമയം ചിലവഴിക്കാൻ അവസരം ലഭിച്ചതിനു സ്തോത്രം. ഭൗതികചിന്തകളിൽ മാത്രം ആക്രുഷ്ടനാകാതെ അത്മീയതിലേക്ക് തിരിച്ച് വരാൻ അവസരം തന്നതിനായി സ്തോത്രം’.പ്രതിസന്ധികളിലും ദൈവത്തിനു സ്തോത്രം ചെയ്യുവാനും തന്റെ കുടുംബാംഗങ്ങൾക്കും സ്നേഹിതർക്കും അത് മാത്രുകയായി കാണിച്ച്കൊടുക്കുവാനും ഇത്തരം കൂടിവരവുകൾ അവസരം ഒരുക്കുന്നു.

ആധുനികമനുഷ്യന്റെ വലിയ പ്രശ്നം അവനെ അലട്ടുന്ന ആകുലതകളാണ്ു്. ഉള്ളതിനെക്കുറിച്ചും, ഇല്ലാത്തതിനെക്കുറിച്ചുമെല്ലാം വേവലാതിപ്പെടുന്ന സ്വഭാവം പലരും വളർത്തിയെടുത്തിയിരിക്കുന്നു. മാനസികാസ്വസ്ഥ്യം മാത്രമല്ല ശാരീരികരോഗങ്ങളും അത് മൂലം ഉണ്ടാകുന്നു. അവയെ തരണം ചെയ്യുന്നതിനുള്ള ഏക പ്രതിവിധി കരുണാസമ്പന്നനും സർവ്വപരിപാലകനുമായ സ്രുഷ്ടാവിൽ വിശ്വാസം അർപ്പിച്ച്കൊണ്ട് അവിടുന്നു നൽകുന്ന എല്ലാ നന്മകൾക്കും നന്ദി പറയുക എന്നതാണ്ു്. ഒപ്പം സഹജീവികളെ സ്നേഹിക്കുവാനും കരുതാനുമുള്ള അവസരമായി ഈ സുദിനത്തെ കാണണം. സമാഗതമായി കൊണ്ടിരിക്കുന്ന നന്ദിദിനം അതിനുള്ള അവസരം ഏവർക്കും പ്രദാനം ചെയ്യട്ടെ.

എല്ലാ വായനക്കാർക്കും സന്തോഷപ്രദമായ താങ്ക്സ് ഗിവിംഗ് ദിനം ആശംസിക്കുന്നു.

********************************